LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ തോട്ട ഭൂമി

203 (1259) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തോട്ട ഭൂമി കൈവശം വച്ച് വരുന്നവർ എത്രയാണെന്നും, മൊത്തം എത്ര ഏക്കർ തോട്ട ഭൂമി സംസ്ഥാനത്തുണ്ടെന്നും വെളിപ്പെടുത്താമോ ;

(ബി) സർക്കാർ മേഖലയിൽ എത്ര ഏക്കർ തോട്ട ഭൂമിയുണ്ട് ; പാട്ടത്തിന് നൽകപ്പെട്ട തോട്ട ഭൂമി എത്ര ; സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള തോട്ട ഭൂമി എത്ര ;

(സി) ഏതെല്ലാം നിലയിലുള്ള ഭൂമിയെയാണ് തോട്ട ഭൂമിയായി കണക്കാക്കുന്നത്;

(ഡി) പാട്ട വ്യവസ്ഥകൾ ലംഘിച്ചതിന്റെ പേരിൽ പാട്ടം അവസാനിപ്പിച്ച് ഏറ്റെടുക്കാൻ തീരുമാനിച്ച തോട്ടങ്ങൾ എത്ര ; എത്ര ഏക്കർ ഭൂമി വരും ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

സർക്കാർ ഭൂമി കയ്യേറ്റം സംബന്ധിച്ച കേസുകൾ

204 (1261) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ഭൂമി കയ്യേറ്റം സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ?

ഉത്തരം

1815 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ നൽകുന്നു:

തിരുവനന്തപുരം	258
കൊല്ലം	178
പത്തനംതിട്ട	156
ആലപ്പുഴ	69
കോട്ടയം	21
ഇടുക്കി	153
എറണാകുളം	73
തൃശ്ശൂർ	40
പാലക്കാട്	297
മലപ്പുറം	62
കോഴിക്കോട്	161
വയനാട്	59
കണ്ണൂർ	66
കാസർഗോഡ്	222
ആകെ	1815